# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1011 | 13.06.2013 - ൽ മറുപടിക്ക്

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് കേരളയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മനോവൈകല്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി പാങ്ങപ്പാറയിൽ സ്ഥാപിക്കപ്പെട്ട സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.) കേരളയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ സാമൂഹ്യ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് അക്കാദമിക തലത്തിൽ നേതൃത്വം നൽകുക എന്നതാണ് സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം. ഈ ഒരു ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന്, ഒട്ടേറെ പുതിയ പദ്ധതികൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനതലത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ രക്ഷിതാക്കൾക്കുള്ള പരിശീലന പരിപാടി.<br>2. ഈ രംഗത്ത് അദ്ധ്യാപകരെ വാർത്തെടുക്കുന്ന അദ്ധ്യാപക പരിശീലന കോഴ്സ്.<br>3. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള തൊഴിൽ പരിശീലനം.<br>4. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂൾ.<br>5. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള ഹോസ്റ്റൽ ഫെസിലിറ്റിയും ട്രാൻസ്പോർട്ടേഷൻ ഫെസിലിറ്റിയും.<br>6. തെറാപ്യൂട്ടിക് യൂണിറ്റ്<br>7. ഏർളി ഇന്റർവെൻഷൻ (6 വയസിന് താഴെയുള്ള കുട്ടികൾക്ക്)<br>8. മെഡിക്കൽ സർവ്വീസ് |

(തുടർച്ച ----2)

9. കൗൺസിലിംഗും ഗൈഡൻസും.
10.ലൈബ്രറിയും ഡോക്യുമെന്റേഷനും.
11. ഹോർട്ടികൾച്ചറൽ ട്രെയിനിംഗ്.
12. പ്ലെയ്സ്മെന്റ് സേവനങ്ങൾ
13. സുസ്ഥിതി പ്രൊഡക്ഷൻ യൂണിറ്റ്.

2012- 2013 വർഷത്തെ, ഇന്ത്യയിലെ ഏറ്റവും മികച്ച സ്പെഷ്യൽ എംപ്ലോയി അവാർഡ് ഈ സ്ഥാപനത്തിലെ സജീവ്.എസ്. എന്ന കുട്ടി ബഹു.ഇന്ത്യൻ പ്രസിഡന്റ് ശ്രീ.പ്രണബ്കുമാർ മുഖർജിയിൽ നിന്നും സ്വീകരിച്ചു. കേരളത്തിൽ ആദ്യമായാണ്, ദേശീയ തലത്തിൽ ഇത്തരമൊരവാർഡ് വാങ്ങിക്കാൻ അവസരം ഉണ്ടായത്.

2012-2013 വർഷത്തിൽ, മുതിർന്ന 15 കുട്ടികൾക്ക് കൂടി തിരുവനന്തപുരം കിൻഫ്രയിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി വാങ്ങിച്ചു നൽകി. ഇപ്പോൾ ഈ സ്ഥാപനത്തിലെ 25 ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന മുതിർന്നവർ വിവിധ സ്ഥാപനങ്ങളിലായി ജോലി ചെയ്തു വരുന്നുണ്ട്.

പൊതുവിദ്യാഭ്യാസവകുപ്പിലെ ബന്ധപ്പെട്ട അണ്ടർ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരുടെ സംഘം 16.9.2011-ൽ എസ്.ഐ.എം.സി.യിൽ നേരിട്ട് പരിശോധന നടത്തുകയും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ എസ്.ഐ.എം.സി. പ്രിൻസിപ്പലിന് നിർദ്ദേശം നൽകുകയും ആയതിൽ സ്വീകരിച്ച നടപടികൾ സർക്കാർ വിലയിരുത്തുകയും ചെയ്തു വരുന്നു. കൂടാതെ ധനകാര്യ വകുപ്പിന്റെ

(തുടർച്ച ----3)

ഇൻസ്പെക്ഷൻ വിങ്ങും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റും എസ്.ഐ.എം.സി.യിൽ പരിശോധനയും ഓഡിറ്റും നടത്തി വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ അഴിമതിയും ധൂർത്തും നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡിൽ അഴിമതിയും ധൂർത്തും നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വന്ന പ്രസ്തുത സ്ഥാപനത്തെ പൊതു വിദ്യാഭ്യാസ വകുപ്പിന് കിഴിൽ കൊണ്ടു വന്നത് എന്ത് ഉദ്ദേശത്തോടുകൂടിയായിരുന്നു; | (സി) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളു-കളടക്കമുള്ള സ്ഥാപനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ചു വന്നിരുന്നത്. സർക്കാരിന്റെ 18.1.2005-ലെ (എം.എസ്)നം.18/2005/ പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്കൂളുകളുടെ ഭരണ നിയന്ത്രണം പൊതു വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയു-ണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ ഡയറക്ടർ എസ്.ഐ.എം.സി.യെ വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതാണ് ഉചിതം എന്ന് ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 5.11.2005-ലെ സ.ഉ.(സാധാ)നം.562/2005/ സാ.ക്ഷേ.വ. ഉത്തരവ് പ്രകാരം ടി സ്ഥാപനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊണ്ടു വരികയും ചെയ്തു. ഒരു വിദ്യാഭ്യാസ സ്ഥാപനമാകയാലാണ് എസ്.ഐ.എം.സി.യെ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊണ്ടു വന്നത്. |

(തുടർച്ച ----4)

(ഡി) ഏതെല്ലാം തസ്തികകളിൽ ആരെല്ലാം ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നുണ്ട്; അന്തേവാസികളെത്ര; സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ഏറ്റവും ഒടുവിലത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) എസ്.ഐ.എം.സി.യിൽ ജോലി ചെയ്തു വരുന്നവരുടേയും തസ്തികയുടേയും വിശദ വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. സ്ഥാപനത്തിൽ 123 അന്തേവാസികൾ ഉണ്ട്. സ്ഥാപനത്തിന് എല്ലാ വർഷവും നൽകുന്ന ഗ്രാന്റ് ഇൻ എയ്ഡ് മാത്രമാണ് സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായം. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ 2010-2011 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പും പ്രസ്തുത റിപ്പോർട്ടിൻമേലുള്ള അക്കൗണ്ടന്റ് ജനറൽ, കേരളയുടെ റിപ്പോർട്ടും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**